REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 03-06-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- നിലമ്പൂർ നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന്. 19 പേരാണ് പത്രിക സമർപ്പിച്ചത്.
- സംസ്ഥാനത്തെ അങ്കണവാടി പ്രവേശനോത്സവം മന്ത്രി വീണാ ജോർജ് പത്തനംതിട്ട മെഴുവേലി ഗ്രാമപഞ്ചായത്തിൽ രാവിലെ ഉദ്ഘാടനം ചെയ്യും.
- കണ്ണൂർ സംസ്ഥാനത്തെ ആദ്യ അതിദാരിദ്ര്യ മുക്ത ജില്ലയായി.
- തിരുവനന്തപുരം ജില്ലാ ഹോമിയോ ആശുപത്രിക്ക് ISO അംഗീകാരം.
- ഇന്ന് ലോക സൈക്കിൾ ദിനം.
- IPL ക്രിക്കറ്റ് ഫൈനലിൽ വൈകിട്ട് റോയൽ ചലഞ്ചേഴ്സ് ബംഗലൂരു, പഞ്ചാബ് കിങ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

നിലമ്പൂർ നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടത്തും. 19 പേരാണ് പത്രിക സമർപ്പിച്ചത്. സ്ഥാനാർത്ഥികൾ നൽകിയ ഒന്നിലേറെ പത്രികകൾ ഉൾപ്പെടെ 25 നാമനിർദ്ദേശ പത്രികകളാണ് ഇന്ന് സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നത്. പത്രിക പിൻവലിക്കാൻ മറ്റന്നാൾ വൈകീട്ട് മൂന്നു വരെയാണ് സമയം. ഈ മാസം 19 ന് വോട്ടെടുപ്പും, 23 ന് വോട്ടെണ്ണലും നടത്തും.

മലപ്പുറം പ്രതിനിധി M സുരേഷ്ബാബുവിന്റെ റിപ്പോർട്ട്.

.....(വോയ്സ്)........

✪✪✪

സംസ്ഥാനത്തെ അങ്കണവാടി പ്രവേശനോത്സവം ഇന്ന്. സംസ്ഥാനതല പ്രവേശനോത്സവം മന്ത്രി വീണാ ജോർജ് രാവിലെ ഒൻപതരയ്ക്ക് പത്തനംതിട്ട മെഴുവേലി ഗ്രാമപഞ്ചായത്തിലെ 72-ാം നമ്പർ അങ്കണവാടിയിൽ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ വനിതാ ശിശു വികസന വകുപ്പിന്റെ 'കുഞ്ഞൂസ്' കാർഡും മന്ത്രി വിതരണം ചെയ്യും. കുട്ടികളുടെ വളർച്ചയിലെ വിവിധ ഘട്ടങ്ങൾ നിരീക്ഷിച്ച് അവലോകനം ചെയ്യാനാണ് കുഞ്ഞൂസ് കാർഡ് തയ്യാറാക്കുന്നത്. സംസ്ഥാനത്ത് 33,120 അങ്കണവാടികളിലായി മൂന്നര ലക്ഷത്തോളം കുട്ടികളുണ്ട്. കുഞ്ഞുങ്ങൾക്ക് പാലും മുട്ടയും നൽകുന്ന പോഷകബാല്യം പദ്ധതിയും അനുപൂരക പോഷകാഹാര വിതരണവും അങ്കണവാടികൾ വഴിയാണ് നടപ്പാക്കുന്നത്.

✪✪✪

ഐക്യരാഷ്ട്ര സംഘടനയുൾപ്പെടെ രാജ്യാന്തര ഫോറങ്ങളിൽ, ആഗോളപ്രാധാന്യമേറിയ വിഷയങ്ങളിൽ ഇന്ത്യൻ നിലപാടുകളെ പിന്തുണയ്ക്കുന്ന പരാഗ്വെയെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിനന്ദിച്ചു. രാഷ്ട്രപതി ഭവനിൽ പരാഗ്വെ പ്രസിഡണ്ട് സാന്റിയാഗോ പെനാ പലേസിയസിന് നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു ദ്രൗപതി മുർമു. പഹൽഗാം ഭീകരാക്രമണത്തിനെതിരെ ഇന്ത്യയ്ക്കൊപ്പം നിന്ന പരാഗ്വെ ഭീകരപ്രവർത്തനങ്ങളെ നിശിതമായി അപലപിച്ചതിനും രാഷ്ട്രപതി പരാഗ്വെയ്ക്ക് നന്ദിയറിയിച്ചു.

✪✪✪

ബഹിരാകാശ - വ്യോമയാന മേഖലയിൽ ഇന്ത്യ, ആഗോള ശക്തിയായി മാറിക്കൊണ്ടിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ആത്മവിശ്വാസത്തോടെ ഈ രംഗത്ത് രാജ്യം മുന്നേറുകയാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ അഭിപ്രായപ്പെട്ടു. ഭാരത് മണ്ഡപത്തിൽ അന്താരാഷ്ട്ര വ്യോമഗതാഗത അസോസിയേഷന്റെ 81-ാം വാർഷിക പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

✪✪✪

കേന്ദ്രത്തിന്റെ ഭക്ഷ്യധാന്യ സംഭരണ പദ്ധതി, സഹകാർ സെ സമൃദ്ധി എന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കാഴ്ചപ്പാടിലെ നിർണായക ചുവടുവെപ്പാണെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ പറഞ്ഞു. പ്രാഥമിക കാർഷിക

വായ്പാ സംഘങ്ങളുടെ വരുമാനം മെച്ചപ്പെടുത്താനും ഗ്രാമീണ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നതായി അദ്ദേഹം ന്യൂഡൽഹിയിൽ വ്യക്തമാക്കി. കാർഷിക അടിസ്ഥാന മേഖലാ ഫണ്ടിലെ വായ്പാ സമയ പരിധി വർദ്ധിപ്പിച്ചതിലൂടെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ പ്രാഥമിക സംഘങ്ങൾ അടിയന്തര നടപടിയെടുക്കണമെന്നും അമിത്ഷാ ആവശ്യപ്പെട്ടു.

✪✪✪

കേന്ദ്രത്തിന്റെ ഭക്ഷ്യധാന്യ സംഭരണ പദ്ധതി, സഹകാർ സെ സമൃദ്ധി എന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കാഴ്ചപ്പാടിലെ നിർണായക ചുവടുവെപ്പാണെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ പറഞ്ഞു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വരുമാനം മെച്ചപ്പെടുത്താനും ഗ്രാമീണ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നതായി അദ്ദേഹം ന്യൂഡൽഹിയിൽ വ്യക്തമാക്കി. കാർഷിക അടിസ്ഥാന മേഖലാ ഫണ്ടിലെ വായ്പാ സമയ പരിധി വർദ്ധിപ്പിച്ചതിലൂടെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ പ്രാഥമിക സംഘങ്ങൾ അടിയന്തര നടപടിയെടുക്കണമെന്നും അമിത്ഷാ ആവശ്യപ്പെട്ടു.

✪✪✪

പാഠപുസ്തകങ്ങളുടെ വ്യാജ പതിപ്പുകൾ നിർമ്മിച്ച് വിൽപ്പന നടത്തുന്നവരിൽ നിന്ന് NCERT അഞ്ച് ലക്ഷത്തിലേറെ പുസ്തകങ്ങൾ പിടികൂടി. 20 കോടിയിൽപ്പരം രൂപയുടെ അച്ചടി കടലാസും യന്ത്രോപകരണങ്ങളും കഴിഞ്ഞ 14 മാസത്തിനിടയിൽ പിടിച്ചെടുത്തതായി വിദ്യാഭ്യാസ മന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു. പാഠപുസ്തകങ്ങളുടെ വ്യാജ പതിപ്പുകൾ നിയന്ത്രിക്കുന്നതിന് അച്ചടിക്കടലാസിന്റെ ഗുണനിലവാരം ഉയർത്താനും ലഭ്യത ഉറപ്പുവരുത്താനും ഉൾപ്പെടെ നടപടിയെടുക്കുമെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന് സെക്കന്റ് ലെഫ്റ്റനന്റ് രാമ രാഘോബ റാണയെ അനുസ്മരിക്കുന്നു. 1947-1948 ലെ ഇന്ത്യാ-പാക്ക് യുദ്ധത്തിൽ അസാമാന്യ ധീരത പ്രകടിപ്പിച്ച് പരംവീരചക്ര ബഹുമതിയ്ക്ക് അർഹരായ രാമ രാഘോബ റാണയുടെ ജീവിതത്തിലേക്ക്.

....(വോയ്സ്)....

1918 ജൂൺ 26 ന്  കർണ്ണാടകയിൽ കാർവാർ ജില്ലയിലെ ചെൻണ്ടിയയിലാണ് രാഘബ  റാണ ജനിച്ചത്. 1947 ഡിസംബറിൽ ഇന്ത്യൻ സൈന്യത്തിലെ എൻജിനീറിങ് കോർപ്സിൽ റാണ  സൈനിക ജീവിതം ആരംഭിച്ചു. 21 വർഷത്തെ സൈനിക സേവനത്തിനിടയിൽ അഞ്ചു നിർണ്ണായക ദൗത്യങ്ങളിൽ അദ്ദേഹം  പങ്കാളിയായി.

1948 ലെ ഇൻഡോ പാക്ക് യുദ്ധത്തിൽ മാർച്ചു  മാസം ഇന്ത്യ രജൗരി തിരിച്ചു പിടിച്ചു. ശത്രുക്കളുടെ അതിക്രമങ്ങളിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിന് നൗഷേരയിൽ നിന്നും രജൗരിയിലേക്ക് ഒരു മുന്നേറ്റം സൈന്യം ആസൂത്രണം ചെയ്തിരുന്നു. ഏപ്രിൽ എട്ടിന് ദോഗ്ര ബറ്റാലിയൻ ആക്രമണം ആരംഭിച്ചെങ്കിലും മൈനുകൾ പാകിയതും റോഡുകൾ തടസ്സപ്പെട്ടതും മുന്നേറ്റത്തിന് വിഘാതമായി. 37 അസോൾട്ട് ഫീൽഡ് കമ്പനിയുടെ  ഒരു വിഭാഗത്തെ നയിച്ച സെക്കന്റ് ലെഫ്റ്റനൻറ് രാമ രാഘബ റാണ, ശത്രുക്കളുടെ മോർട്ടാർ ആക്രമണം നേരിടുന്നതിൽ അസാമാന്യ ധീരതയാണ് പ്രകടിപ്പിച്ചത്. ഏപ്രിൽ എട്ടിന് അദ്ദേഹത്തിന് പരിക്കേറ്റു. എങ്കിലും ടാങ്കുകളുടെ മുന്നേറ്റത്തിന് മൈനുകൾ നീക്കം ചെയ്യുന്ന ദൗത്യവും,  റോഡ് തടസ്സം ഒഴിവാക്കുന്ന പ്രവൃത്തിയും  റാണ തുടർന്നു. മൂന്നു ദിവസവും അദ്ദേഹം ഈ ജോലിയിൽ വ്യാപൃതനായി. ഈ സമയത്തെല്ലാം ശത്രുക്കൾ വെടിവെപ്പ് തുടരുന്നുണ്ടായിരുന്നു. എന്നാൽ അവർക്കു കനത്ത തിരിച്ചടി നൽകി ഒട്ടേറെ സാധാരണക്കാരുടെ ജീവൻ രക്ഷിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. റാണയുടെ സേവനവും ധൈര്യവും ദൃഢനിശ്ചയവും പരിഗണിച്ച് രാജ്യം അദ്ദേഹത്തെ  പരം വീര ചക്ര നൽകി ആദരിച്ചു. സെക്കന്റ് ലെഫ്റ്റനന്റ്  രാമ രാഘബ  റാണയെ രാജ്യം അഭിവാദ്യം ചെയ്യുന്നു.

✪✪✪

ഈ മാസം 15-ന് നടത്താനിരുന്ന നീറ്റ് PG  പ്രവേശന പരീക്ഷ മാറ്റിവച്ചു. കൂടുതൽ പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായാണ് നടപടി. പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്ന് നാഷണൽ ബോർഡ് ഓഫ് examinations in medical sciences അറിയിച്ചു. നീറ്റ്  PG  പരീക്ഷ ഒറ്റ ഷിഫ്റ്റിൽ നടത്തണമെന്ന് കഴിഞ്ഞ ദിവസം സുപ്രീം കോടതി ഉത്തരവിട്ടിരുന്നു.

✪✪✪

പ്ലസ് വൺ പ്രവേശനത്തിന്റെ ആദ്യ അലോട്ട്മെന്റ് ലിസ്റ്റ് പ്രകാരം പ്രവേശന നടപടികൾ രാവിലെ പത്തിന് ആരംഭിക്കും. വ്യാഴാഴ്ച വൈകിട്ട് അഞ്ചു വരെയാണ് പ്രവേശനം.  ഫസ്റ്റ് അലോട്ട് റിസൽട്ട്സ് എന്ന ലിങ്കിൽ നിന്ന്

ലഭിക്കുന്ന അലോട്ട്മെന്റ് ലെറ്ററുമായി വിദ്യാർത്ഥികൾ രക്ഷിതാക്കൾക്കൊപ്പം സ്കൂളുകളിൽ ഹാജരാകേണ്ടതാണ്.

✪✪✪

കണ്ണൂർ സംസ്ഥാനത്തെ ആദ്യ അതിദാരിദ്ര്യ മുക്ത ജില്ലയായി. അർഹരായ 3,973 പേർക്ക് ആവശ്യമായ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് ജില്ല നേട്ടം കൈവരിച്ചത്.

ഇതിലൂടെ 1,078 പേർക്ക് ഭക്ഷണവും 2,296 പേർക്ക് സാന്ത്വന പരിചരണവും ചികിത്സയും ലഭ്യമാക്കി. ഉപജീവനമാർഗം ആവശ്യമായ 235 പേർക്ക് തദ്ദേശ സ്ഥാപനങ്ങൾ സൗകര്യമൊരുക്കുകയും കുടുംബശ്രീ മുഖേനെ തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. 967 കുടുംബങ്ങൾക്ക് വീടും നൽകിയിട്ടുണ്ട്.

✪✪✪

തിരുവനന്തപുരം ജില്ലാ ഹോമിയോ ആശുപത്രിക്ക് ISO അംഗീകാരം ലഭിച്ചു. 1958-ൽ പ്രവർത്തനമാരംഭിച്ച ഗവൺമെന്റ് മേഖലയിലെ രാജ്യത്തെ ആദ്യ ഹോമിയോ ആശുപത്രിയാണിത്. ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ച് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിലാണ് സർട്ടിഫിക്കേഷൻ ലഭിച്ചതെന്ന് ആശുപത്രി സൂപ്രണ്ട് ഡോ. MK അമ്പിളി അറിയിച്ചു.

✪✪✪

ഇന്ന് ലോക സൈക്കിൾ ദിനം. ആരോഗ്യ ജീവിതത്തിനും, സഞ്ചാര മാർഗ്ഗമെന്ന നിലയിലും സൈക്കിളിന്റെ വിശ്വാസ്യതയും സുസ്ഥിരതയും തിരിച്ചറിയുന്നതിനാണ് ജൂൺ മൂന്ന് ലോകമെങ്ങും ഐക്യരാഷ്ട്ര സംഘനടയുടെ നേതൃത്വത്തിൽ സൈക്കിൾ ദിനം ആചരിക്കുന്നത്. നിരവധി സംഘടനകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

IPL ക്രിക്കറ്റ് ഫൈനലിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗലൂരു, പഞ്ചാബ് കിങ്സിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ വൈകീട്ട് 7.30 നാണ് മത്സരം.

ആദ്യ ക്വാളിഫയറിൽ പഞ്ചാബിനെ തോൽപ്പിച്ചാണ് ബംഗലൂരു ഫൈനലിൽ പ്രവേശിക്കുന്നത്. രണ്ടാം ക്വാളിഫയറിൽ മുംബൈ ഇന്ത്യൻസിനെയാണ് പഞ്ചാബ് പരാജയപ്പെടുത്തിയത്.

✪✪✪

നോർവേ ചെസ്സ് ടൂർണമെന്റിന്റെ ഏഴാം റൗണ്ടിൽ, നിലവിൽ ലോക ചാമ്പ്യനായ D ഗുകേഷ്, ഗ്രാൻഡ്മാസ്റ്റർ അർജുൻ എറിഗൈസിയെ പരാജയപ്പെടുത്തി.

ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസണെ ഗുകേഷ് നേരത്തെ പരാജയപ്പെടുത്തിയിരുന്നു.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളിൽ ഈ ആഴ്ചയും വിഷപാമ്പുകളുടെ സാന്നിധ്യം ഒഴിവാക്കാൻ വനംവകുപ്പ് സർപ്പ വൊളണ്ടിയർമാരുടെ നേതൃത്വത്തിൽ പരിശോധന തുടരുമെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. സ്കൂൾ അധികൃതരും PTA ഭാരവാഹികളും ആവശ്യപ്പെടുന്നതനുസരിച്ചായിരിക്കും പരിശോധന.

✪✪✪

പ്രതിസന്ധികൾ മറികടന്ന് ദേശീയപാത-66 യാഥാർത്ഥ്യമാകേണ്ടത് മലയാളിയുടെ ആവശ്യമാണെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. തടസ്സങ്ങൾ ഒഴിവാക്കി പാത പൂർത്തിയാക്കാൻ ഗവൺമെന്റ് ഇടപെടും. നിർമ്മാണത്തിലെ തെറ്റായ പ്രവണതകളോട് ഒത്തുതീർപ്പ് സാധ്യമല്ലെന്നും മന്ത്രി പറഞ്ഞു. നവീകരിച്ച കുറ്റ്യാടി പൊക്ലാറത്ത് താഴെ -മാണിക്കോത്ത് താഴെ പള്ളിയത്ത് റോഡ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ ക്യാമ്പയിൻ പത്തനംതിട്ട ജില്ലയിൽ തുടരുന്നു. ഇന്ന് മല്ലപള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ ക്യാമ്പയിൻ നടത്തും.

മല്ലപള്ളി ബ്ലോക്ക് പഞ്ചായത്തിലെ കവിയൂർ, കല്ലൂപ്പാറ, അനിക്കാട്, കോട്ടാങ്ങൽ, കൊറ്റനാട് എന്നീ ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലാണ് ഇന്ന് ക്യാമ്പയിൻ.

✪✪✪

സംസ്ഥാനത്ത് മഴ സാധ്യത മുൻനിർത്തി നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കാസർക്കോട്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

✪✪✪

കണ്ണൂർ അഴീക്കോട് മീൻകുന്ന്ചാൽ ബീച്ചിൽ കുളിക്കാനിറങ്ങിയ രണ്ട് യുവാക്കളെ തിരയിൽപ്പെട്ട് കാണാതായി. പട്ടാന്നൂർ കൊടോളിപ്രത്തെ P.K.

ഗണേശൻ നമ്പ്യാർ, വാരം വലിയന്നൂരിലെ പ്രിനീഷ് എന്നിവരെയാണ് കാണാതായത്. അഗ്നിരക്ഷാസേനയും തീരദേശ പോലീസും ഇന്നും തിരച്ചിൽ തുടരും.

✪✪✪

സംസ്ഥാന ഭൂവിനിയോഗ ബോർഡ് സംസ്ഥാനത്തെ കർഷകർക്കായി നടപ്പിലാക്കുന്ന 'പ്രകൃതി പാഠം' പദ്ധതി നാളെ രാവിലെ വൈലോപ്പിള്ളി സംസ്കൃതി ഭവൻ കൂത്തമ്പലത്തിൽ മന്ത്രി P പ്രസാദ് ഉദ്ഘാടനം ചെയ്യും. കർഷകരുടെയും ശാസ്ത്രജ്ഞരുടെയും പ്രകൃതി സംരക്ഷണ കൂട്ടായ്മ രൂപപ്പെടുത്തുന്നതിനാണ് പദ്ധതി പ്രധാനമായി ലക്ഷ്യമിടുന്നത്.

✪✪✪

---

*News Editor : വി.കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*CNRT: അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*